Kerala Catholic Bishops' Council (KCBC)
Secretariat, Pastoral Orientation Centre, P.B.No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815, Fax: +91-484-2806214
E-mail : deputysecretarykcbc@gmail.com, www.kcbcsite.com

All Kerala Press Release 5.1.2019
*Ref: 648/KCBC/K-6/KPR/DS*

## കേരള കത്തോലിക്കാ യുവജനവർഷത്തിന് പ്രൗഢ സമാപ്തി

കൊച്ചി: കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ ആഹ്വാനപ്രകാരം 2018 ജനുവരി 6-ന് തുടക്കം കുറിച്ച ഒരു വർഷം നീണ്ടുനിന്ന യുവജനവർഷാചരണത്തിന് പ്രൗഢ സമാപ്തിയായി. കേരള കത്തോലിക്കാസഭയിൽ ശുശ്രൂഷ ചെയ്യുന്ന കെസിബിസിയുടെ ഔദ്യോഗിക യുവജനസംഘടനയായ കെസിവൈഎം, സിഎൽസി, മിജാർക്ക്, ഐക്കഫ്, ജീസസ് യൂത്ത്, എൽസിവൈഎം, എസ്എംവൈഎം, എംസിവൈഎം, ഇതേന്തെ, യൂക്രിസ്റ്റിയ, സലേഷ്യൻ യൂത്ത്, എന്നീ വിവിധ സംഘടനകളുടെ പ്രതിനിധി സംഗമവും യുവജനവർഷ സമാപന സമ്മേളനവും കെസിബിസി ആസ്ഥാനകാര്യാലയമായ പിഒസിയിൽവച്ച് നടത്തപ്പെട്ടു. കെസിബിസി യുവജന കമ്മീഷൻ ചെയർമാൻ ജോസഫ് മാർ തോമസ് അധ്യക്ഷതവഹിച്ച യോഗം, കെസിബിസി സെക്രട്ടറി ജനറലും കോട്ടയം അതിരൂപതാധ്യക്ഷനുമായ മാർ മാത്യു മൂലക്കാട്ട് ഉദ്ഘാടനം ചെയ്തു. ബാഹ്യആഘോഷങ്ങൾക്ക് പിന്നാലെ പോകുന്ന യുവത്വത്തെയല്ല ക്രൈസ്തവധർമ്മത്തിന് ഊന്നൽ നല്കുന്ന യുവത്വത്തെയാണ് ഇന്ന് ആവശ്യമെന്ന് അദ്ദേഹം ഓർമപ്പെടുത്തി. യുവജനങ്ങൾ സഭയോടും സമൂഹത്തോടും പ്രതിബദ്ധതയുള്ളവരാകണം. കാലഘട്ടത്തിന്റെ വെല്ലുവിളികളെ ഗ്രഹിക്കാനും നീതിയുടെ പക്ഷത്തു നില്ക്കാനും യുവജനങ്ങൾക്കു കഴിയണം. ഭാരതത്തിന്റെ ഭരണഘടന അനുവദിച്ചു നല്കുന്ന മതസ്വാതന്ത്ര്യം സംരക്ഷിക്കുന്നതിനും രാജ്യത്തിന്റെ ജനാധിപത്യ മതേതരമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിനും യുവജനങ്ങൾക്ക് പ്രവാചകപരമായ പങ്കുവഹിക്കാനുണ്ടെന്നും അദ്ദേഹം പറഞ്ഞു. കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറൽ റവ. ഫാ. വർഗീസ് വള്ളിക്കാട്ട്, യുവജനകമ്മീഷൻ സെക്രട്ടറി റവ. ഡോ. മാത്യു ജേക്കബ് തിരുവാലിൽ, ജോയിന്റ് സെക്രട്ടറി റവ. ഫാ. പോൾ സണ്ണി, കെസിവൈഎം പ്രഥമ പ്രസിഡന്റ് അഡ്വ. ആന്റണി അമ്പാട്ട്, സ്റ്റേറ്റ് പ്രസിന്റ് ഇമ്മാനുവൽ മൈക്കിൾ, ജീസസ് യൂത്ത് കേരള കോർഡിനേറ്റർ ശ്രീ. അഭിലാഷ് എന്നിവർ പ്രസംഗിച്ചു.

സമ്മേളനത്തിൽ ശ്രീമതി ലിഡ ജേക്കബ് ഐ.എ.എസ്, ഷെവലിയർ ഡോ. എഡ്വേർഡ് എടേഴത്ത്, ശ്രീ. ജോർജ് പുളിക്കൻ എന്നിവർ വിവിധ വിഷയങ്ങളെ ആസ്പദമാക്കി ക്ലാസ് നയിച്ചു. കെസിബിസി വൈസ് ചെയർമാൻ മാർ ജോർജ് മഠത്തിക്കണ്ടത്തിലിന്റെ അനുഗ്രഹപ്രഭാഷണത്തോടുകൂടി സമ്മേളനം സമാപിച്ചു.,

**ഫാ. വർഗീസ് വള്ളിക്കാട്ട്**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ,
ഔദ്യോഗിക വക്താവ്, കെ.സി.ബി.സി.
ഡയറക്ടർ, പി.ഒ.സി.

ഫോട്ടോമാറ്റർ: കെസിബിസി യുവജനവർഷ സമാപന സമ്മേളനം മാർ മത്യു മൂലക്കാട്ട് ഉദ്ഘാടനം ചെയ്യുന്നു. ഇമ്മാനുവൽ മൈക്കിൾ, ജോസഫ് മാർ തോമസ്, റവ. ഡോ. മാത്യു ജേക്കബ് തിരുവാലിൽ, അഡ്വ. ആന്റണി അമ്പാട്ട്, റവ. ഫാ. വർഗീസ് വള്ളിക്കാട്ട്, യുവജനപ്രതിനിധികൾ എന്നിവർ സമീപം